**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2021 ജനുവരി 17 -ാം തീയതി നടത്താൻ നിശ്ചയിച്ചിട്ടുള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.21/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **04/01/2021**

പരാമർശം:- ഹെൽത്ത് സർവ്വീസ് ഡയറക്ടർ സമർപ്പിച്ച 07/12/2020 ലെ അപേക്ഷ

**ഉത്തരവ്**

2021 ജനുവരി 17 -ാം തീയതി നടത്താൻ നിശ്ചയിച്ചിട്ടുള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പതിനായിരം രൂപയും, മുനിസിപ്പാലിറ്റികളിൽ നിന്ന് 15000/- രൂപയും കോർപ്പറേഷനുകളിൽ നിന്ന് 25000/- രൂപയും ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർമാർക്കും താലൂക്ക്/ ജില്ല ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്കും നൽകുന്നതിനുള്ള അനുമതി നൽകണമെന്നാണ് ഹെൽത്ത് സർവ്വീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നത്. .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ജനുവരി 17 -ാം തീയതി നടത്താൻ നിശ്ചയിച്ചിട്ടുള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായി ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10000/- (പതിനായിരം) രൂപയും, മുനിസിപ്പാലിറ്റികളിൽ നിന്ന് 15000/-(പതിനയ്യായിരം) രൂപയും കോർപ്പറേഷനുകളിൽ നിന്ന് 25000/- (ഇരുപത്തയ്യായിരം) രൂപയും അതാത് സ്ഥാപനങ്ങളുടെ തനതുഫണ്ടിൽനിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർമാർക്കും താലൂക്ക്/ ജില്ല ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്കും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ /കോർപ്പറേഷനുകൾ(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2021.01.04 16:01:47 IST
Reason: Approved